**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5558** **13-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവത്ക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി വച്ചു പിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സന്നദ്ധ സംഘടനകൾ, സ്കൂൾ അധികൃതർ, ഫോറസ്ട്രി ക്ലബ്ബുകൾ തുടങ്ങിയവയുടെ സഹകരണം ഉറപ്പ വരുത്തി തൈകൾ പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വിദ്യാവനം തുടങ്ങിയവ വഴി നട്ടു പിടിപ്പിച്ച തൈകളുടെ പരിപാലനവും അതിജീവനവും വനം വകുപ്പ് നേരിട്ട് പരിശോധിക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് വിതരണം ചെയ്ത തൈകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരിപാലനം നടത്തുന്നുണ്ട്. തൈകൾ സ്വീകരിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അവ പരിപാലിക്കുന്നതിനുള്ള നിർദ്ദേശം അതാത് സമയത്ത് നൽകിവരാറുണ്ട്. |
| (ബി) | സാമൂഹ്യ വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി നൽകുന്ന വൃക്ഷത്തൈകൾ യഥാസമയം ജനങ്ങളിൽ എത്തുന്നുണ്ടോയെന്നും വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ നട്ടുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ തൈ വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വനംവകുപ്പ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് സർവ്വെ നടത്തുകയും അതിജീവനനിരക്ക് രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ